# ഭൂമിയുടെ രാഷ്ട്രീയം

അഡ്വക്കറ്റ് പി.എ.പൗരൻ

കൊച്ചുകേരളത്തിന്റെ ഭൂവിസ്തൃതിയിൽ മുക്കാൽ ഭാഗവും തോട്ടങ്ങളുടെ രൂപത്തിൽ കൈവശം വെച്ച് വരുന്ന വൻകിട കുത്തക മുതലാളിമാരോടൊപ്പമാണോ, അതോ, കൃഷി ചെയ്തുജീവിക്കുവാനുള്ള ഒരു തുണ്ട് ഭൂമിക്കുവേണ്ടി സമരം നടത്തുന്ന സാധാരണക്കാരുടെ ഒപ്പമാണോ നാം നിലകൊള്ളേണ്ടത്....? വർത്തമാനകാലത്തും. വരുംകാലങ്ങളിലും കേരളത്തിൽ ഉന്നയിക്കപ്പെടാവുന്ന ഒരു ചോദ്യം ഇതായിരിക്കും. ഭൂമിയില്ലാത്തവർ ഭൂമിക്കുവേണ്ടി നടത്തുന്ന സമരമായിരിക്കും ഇനി കേരളത്തിൽ പ്രസക്തമാകുന്ന ഏക സമരരൂപം.

തിരുവിതാംകൂർ ദിവാനായിരുന്ന മാധവറാവു 1860 കളിൽ ' പണ്ടാരപ്പാട്ട വിളംബര' ത്തിലൂടെ ഭൂരഹിതർക്കായി സർക്കാർ ഭൂമി അനുവദിച്ചു. തെരഞ്ഞെടുപ്പിലൂടെ ആദ്യമായി അധികാരത്തിൽ കയറിയ കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാർ 'സമഗ്രമായ ഒരു ഭൂപരിഷ്കരണ നിയമ' ത്തിന് രൂപം നൽകിയെങ്കിലും 1970 ൽ മാത്രമാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നത്. നീണ്ട 13 വർഷകാലത്തിനിടക്ക് പ്രസ്തുത നിയമത്തിന്റെ അന്തസത്ത തന്നെ ഇല്ലായ്മ ചെയ്യുന്ന രൂപത്തിലുള്ള കൈമാറ്റങ്ങൾക്ക് വേദി ഒരുക്കുകയുണ്ടായി. അയ്യങ്കാളിയും, ശ്രീനാരായണഗുരുവും ഉഴുതുമറിച്ച ഭൂമികയിൽ 1940 കളിൽ നടന്ന പുന്നപ്ര-വയലാർ സമരത്തെ '13 സെന്റ് സമരം' എന്ന് അവഹേളിച്ച ഒരു വിഭാഗം രാഷ്ട്രീയ പ്രസ്ഥാനം ഇന്നും ഇവിടെ നിലനിൽക്കുന്നു. പുന്നപ്ര-വയലാർ സമരം പരാജയപ്പെടുവാൻ കാരണം ടി.വി.തോമസ്, പത്രോസ് ഉൾപ്പടെയുള്ള നസ്രാണികൾ നേതൃത്വം നൽകിയത് കൊണ്ടാണ് എന്ന് പ്രചരിപ്പിച്ച രാഷ്ട്രീയ ഗുരുക്കന്മാർ കാണതെ പോയത് കേരളത്തിലെ അടിസ്ഥാന ജനവിഭാഗത്തിന്റെ വളർച്ചയും ഉയർച്ചയും മണ്ണിനോട് ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. സ്വത്ത്/ഭൂമി നിഷേധിക്കപ്പെട്ട ഒരു വിഭാഗമാണ്, വർഗ്ഗമാണ് ഇവിടത്തെ അടിസ്ഥാനതൊഴിലാളി വർഗ്ഗം. അതുകൊണ്ടാണ് വിപ്ലവകരമായ ഏറ്റവും പുരോഗമനപരമായ ഭൂപരിഷ്കരണനിയമം നടപ്പിലാക്കി എന്ന് അവകാശപ്പെടുന്ന കേരളത്തിൽ, അടിസ്ഥാനതൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവർക്ക് താമസിക്കുവാൻ ലക്ഷംവീട് കോളനികൾ, അംബേദ്കർ കോളനികൾ, ഹരിജൻ, ഗിരിജൻ കോളനികൾ സ്ഥാപിക്കുവാൻ സർക്കാരുകൾ തയ്യാറായത്. പട്ടികവർഗ്ഗങ്ങൾക്ക് സ്വത്ത് സമ്പാദിക്കുവാൻ സാധിക്കാതിരുന്നത്, ഭൂമി വെട്ടിപ്പിടിക്കുവാൻ സാധിക്കാതിരുന്നത്, അവർ അദ്ധ്വാനിക്കാത്തത് കൊണ്ടല്ല. മറിച്ച് 1855 വരെ അവർക്ക് സ്വത്ത് സമ്പാദിക്കുവാൻ അവകാശം ഇല്ലായിരുന്നു.

മഹാഭാരതം ശൂദ്രരെ ഇങ്ങനെ കാണുന്നു:

ശൂദ്രനെ എല്ലാജാതികൾക്കും ദാസനായാണ് പ്രജാപതി സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ട് ജാതി ഭ്രഷ്ട് അവന് വിധിച്ചിരിക്കുന്നു. അങ്ങനെ അവരെ ശുശ്രൂഷിക്കുകയാണെങ്കിൽ ശൂദ്രന് വളരെ സുഖം ലഭിക്കും. ശൂദ്രൻ മൂന്നുജാതിയെയും ക്രമത്തിൽ ശുശ്രൂഷിക്കണം. ശൂദ്രൻ ഒരിക്കലും ധനസമ്പാദനത്തിൽ ഏർപ്പെടരുത്. ശൂദ്രൻ ധനം സമ്പാദിക്കുന്നത് പാപമാണ്. ശൂദ്രൻ പണം സമ്പാദിച്ചാൽ അവൻ മേൽജാതിക്കാരനെ കീഴിലാക്കും. (ശാന്തിപർവ്വം.60)

ഇറക്കുമതി ഉദാരമാക്കിയതോടെ റബ്ബർ ഒഴിച്ചുള്ള കാർഷികവിളകൾക്ക് വില ഇടിഞ്ഞതിനാൽ കർഷകർ, കർഷകത്തൊഴിലാളികൾ ആത്മഹത്യയിലേക്ക് നീങ്ങുന്നു. പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഇവയെല്ലാം സ്വതന്ത്രവ്യാപാരകരാറിന്റ ഫലമായുള്ള കുത്തൊഴുക്കിൽ ശ്വാസം മുട്ടികൊണ്ടിരിക്കുന്നു. അരി കിലോക്ക് 20 രൂപയിൽ കൂടുതൽ....! തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കുവാൻ സാധിക്കാതെ അമ്മമാർ വിലപിക്കുന്നു. കൃഷിഭൂമിയെല്ലാം വൻകിട

## മലപ്പുറത്തെ ഭൂരഹിതർ ഭൂമി പിടിച്ചെടുക്കുന്നു

2004 ലെ ഉമ്മൻചാണ്ടി സർക്കാർ ഭൂരഹിതരായ വിവിധ വിഭാഗങ്ങളിലെ 443 പേർക്ക് 10 സെന്റ് ഭൂമി വീതം അനുവദിക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചു. ലഭിക്കാതെ വന്നപ്പോൾ 2005 മെയ് 30 ന് കളക്ടറേയും എസ്.പി.യേയും ഉപരോധിച്ചു. 2007 ജനുവരി 26 ന് നിലമ്പൂരിനു സമീപമുള്ള ചോക്കാട് സർക്കാർ ഭൂമിയിലേക്ക് 3000 ത്തോളം പേർ ഇത് ജനങ്ങളുടെ ഭൂമിയാണെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന മാർച്ച് നടത്തി. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, റവന്യുമന്ത്രി വാഗ്ദാനം ഇപ്പോഴും നിറവേറ്റിയിട്ടില്ല. മെയ് 17 ന് ഇടതുമന്ത്രിസഭയുടെ രണ്ടാം വാർഷിക തലേന്ന് വീണ്ടും ആയിരക്കണക്കിന് പേർ ഭൂമി പിടിച്ചെടുക്കുന്നു.

വ്യവസായികളുടെ, കള്ളപ്പണക്കാരുടെ, കള്ളക്കടത്തുകാരുടെ, ഊഹക്കച്ചവടക്കാരുടെ, പ്രത്യേക സാമ്പത്തിക മേഖലകളുടെ കീഴിൽ അമർന്നിരിക്കുന്നു. കുടുംബത്തിലെ ഒരു അംഗം മരിച്ചാൽ ശവം മറവു ചെയ്യുവാൻ ഒന്നുകിൽ മുറ്റത്ത് കുഴിക്കണം അല്ലെങ്കിൽ അടുക്കളയിലെ അടുപ്പുപൊളിക്കണം.

" മൂന്നാർമലകളിൽ തോട്ടം ഉടമകൾ കയ്യേറിയ തോട്ടഭൂമിയും മറ്റുള്ളവർ കയ്യേറിയ പുറമ്പോക്ക് ഭൂമിയും പാട്ടവ്യവസ്ഥ ലംഘിച്ചുകെട്ടിടങ്ങൾ നിർമ്മിച്ച ഭൂമിയും പിടിച്ചെടുത്ത് കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തിയ്യതി ഭൂരഹിതർക്കായി വിതരണം ചെയ്ത്കൊണ്ട് കേരളത്തിലെ രണ്ടാം ഭൂപരിഷ്കരണവിപ്ലവം നടപ്പാക്കും." (മന്ത്രി.കെ.പി.രാജേന്ദ്രൻ).

"മൂന്നാറിലെ ഇടിച്ചുനിരത്തുന്ന കെട്ടിടങ്ങളുടെ കല്ലും കട്ടയും കൊണ്ട് ഭവന രഹിതർക്ക് വീട് വെച്ച്കൊടുക്കും." (മുഖ്യമന്ത്രി.വി.എസ്. അച്ചുതാനന്ദൻ).

ഭൂരഹിതർക്കെല്ലാം ഭൂമി സമയബന്ധിതമായി കൊടുക്കുമെന്ന് മുഖ്യമന്ത്രി മുതൽ താഴെക്കുള്ള മന്ത്രിമാരുടെ പ്രസ്താവനകളും പ്രഖ്യാപനങ്ങളും കൊണ്ട് കാലം കഴിക്കണമോ? സമഗ്രമായ ഭൂപരിഷ്കരണത്തെ പറ്റി പറയുമ്പോൾ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81, 82 വകുപ്പുകൾ ഒഴിവാക്കികൊണ്ടോ, കാലോചിതമായി ഭേദഗതി ചെയ്ത്കൊണ്ടോ ഭൂമി പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്നില്ലെങ്കിൽ ചെങ്ങറയിൽ, മേപ്പാടിയിൽ നടക്കുന്ന സമരങ്ങൾ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ ആവർത്തിക്കും.

*സൈലന്റ്‌വാലി, മഞ്ചേരി,*
*മലപ്പുറം*

## ജോഗിൽനിന്നും അതിരപ്പിള്ളിയിലേക്കുള്ള ദൂരം

ചിത്രം : ഹരി പാമ്പൂർ



ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടങ്ങളിലൊന്നായ കർണ്ണാടക സംസ്ഥാനത്തിലെ ജോഗ് വെള്ളച്ചാട്ടം ഷിമോഗയിൽ അണക്കെട്ട് വന്നതിനുശേഷം



വർഷക്കാലത്ത് നിറഞ്ഞൊഴുകുന്ന അതിരപ്പിള്ളി. ഈ കാഴ്ച ഇനിയെത്രനാൾ?
അണക്കെട്ടിനെതിരെയുള്ള സത്യാഗ്രഹം 100 ദിവസം പിന്നിടുന്നു.

### ബിനായക് സെന്നിനെ വിട്ടയയ്ക്കുക

മനുഷ്യാവകാശ പ്രവർത്തകനും പി.യു.സി.എൽ. ദേശീയ വൈസ് പ്രസിഡണ്ടുമാരിൽ ഒരാളുമായ ഡോ. ബിനായക് സെന്നിനെ നക്സൽ ബന്ധമാരോപിച്ച് ഛത്തീസ്ഗഢിൽ ജയിലടച്ചിട്ട് 2008 മെയ് 14 ന് ഒരു വർഷം തികഞ്ഞു. ഛത്തീസ്ഗഢിലെ ആദിവാസി ഖനി തൊഴിലാളികൾക്കിടയിലെ ജനകീയ ഡോക്ടറായിരുന്ന ഇദ്ദേഹം നക്സലൈറ്റുകൾക്കെതിരെ പോരാടാൻ ആദിവാസികളെ നിർബന്ധപൂർവ്വം തിരഞ്ഞെടുത്ത് നിയോഗിക്കുന്നതിനെതിരെയും പോലീസ് നടത്തിയ ചില വ്യാജ ഏറ്റുമുട്ടൽ കൊലപാതകകൾ പുറത്തുകൊണ്ടുവന്നതിൽ പ്രവർത്തിച്ചതിനാലും ഭരണകൂടത്തിന്റെ എതിർപ്പ് നേരിട്ടിരുന്നു. വ്യക്തമായ തെളിവുകളില്ലാതെ പൊതു സുരക്ഷാ നിയമമനുസരിച്ച് കേസുകൾ ചാർജ്ജ് ചെയ്താണ് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിക്ക് ജയിൽജീവിതം കാര്യമായ പ്രശ്നങ്ങൾ വരുത്തി. ഇന്ത്യയിലെമ്പാടുമുള്ള മനുഷ്യാവകാശ പ്രവർത്തകർ ബിനായക് സെന്നിന്റെ അറസ്റ്റിനെതിരെ പ്രതിഷേധങ്ങൾ നടത്തിവരുന്നു.

books x magazines x periodicals
Byword
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
for rare and new books

With best compliments from
CENTRE FOR POST GRADUATE STUDIES
P.G.Centre
North Bus Stand, Thrissur-20.
Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com